# പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 867 — 07.02.2013 - ൽ മറുപടിക്ക്

## കുടിവെള്ള വിതരണത്തിനായി സ്വകാര്യ കമ്പനികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഇ. ചന്ദ്രശേഖരൻ<br>ശ്രീമതി ഗീതാ ഗോപി<br>ശ്രീ. ഇ. കെ. വിജയൻ<br>ശ്രീമതി ഇ. എസ് . ബിജിമോൾ | പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് കുടിവെള്ള വിതരണം സ്വകാര്യ കമ്പനികളെ ഏല്പിക്കുന്നതിന് തീരുമാനമുണ്ടോ; | (എ) സർക്കാർ ഉത്തരവ് ജി.ഒ(എം.എസ്) നമ്പർ 103/2012/ഡബ്ല്യു.ആർ.ഡി തീയതി 31.12.2012 പ്രകാരം സിയാൽ മാതൃകയിൽ കേരള ഡ്രിങ്കിംഗ് വാട്ടർ സപ്ലൈ കമ്പനി ലിമിറ്റഡ് രൂപീകരിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) ഇത്തരത്തിൽ സ്വകാര്യ കമ്പനികളെ ഏല്പിക്കുന്നത് പൊതു ടാപ്പുകളെ ആശ്രയിക്കുന്നവരേയും ബി.പി.എൽ. ഉപഭോക്താക്കളെയും മറ്റ് കുടിവെള്ള ഉപഭോക്താക്കളെയും ബാധിക്കാൻ സാദ്ധ്യതയുണ്ടെന്ന വിവരം കണക്കിലെടുത്തിട്ടുണ്ടോ; | (ബി) നിർദ്ദിഷ്ട കമ്പനികളുടെ പ്രവർത്തനം നിലവിലുള്ള ആനുകൂല്യങ്ങളൊന്നും നഷ്ടപ്പെടുത്തിക്കൊണ്ടാവില്ല. |
| (സി) പ്രകൃതി വിഭവമായ ജലത്തെ ലാഭമുണ്ടാക്കാനുള്ള ഉല്പന്നമാക്കി, ഈ രംഗത്ത് കമ്പനികളെ കൊണ്ടു വരുന്നത് ഒഴിവാക്കാൻ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (സി) അമിതവില ഈടാക്കി പൊതുജനങ്ങളെ ചൂഷണം ചെയ്യാതിരിക്കാൻ സർക്കാർ ശ്രദ്ധിക്കും. |

സെക്ഷൻ ഓഫീസർ